മിസ്റ്റർ യു. കണ്ടർമേനോൻ.—(എ) ഒരുനൂററി എഴുപത്താറ്.

(ഒ) തൊണ്ണൂററി ഒമ്പത.

(ഞ) നിയമനങ്ങം ഉണ്ടായിട്ടുണ്ടെന്നുമാത്രമെ ഇപ്പോം പറയുവാൻ സാധിക്കുകയുള്ളു. അവയുടെ എണ്ണം ഇത്രയെന്നു തിട്ടപ്പെടുത്തുവാൻ വളരെക്കാലത്തെ റിക്കാട്ടുകം പരിശോധിക്കേണ്ടിയിരിക്കുന്നതിനാൽ അതു ഇപ്പോം സാധിക്കുന്നതല്ല.

(ർ) & (ഭ). ന-ാം സബ്ഡിവിഷനുള്ള ഉത്തരം നോക്കുക.

Village Offices and the Depressed Classes.

442. മിസ്റ്റർ പി. സി. ചാഞ്ചൻ.—(എ) ഈ രാജ്യത്ത് എല്ലാവില്ലേജ കച്ചേരികളിലും അധഃകൃതക്ക് പ്രവേശമുണ്ടൊ;

(ഒ) വടക്കാഞ്ചേരി, മലയാറ്റൂർ ഈ വില്ലേജകച്ചേരികം എവിടെവെച്ചാണ് നടത്തുന്നത്?

മിസ്റ്റർ ടി. എം. കൃഷ്ണമേനോൻ.—(എ) ഇല്ല.

(ഒ) വടക്കാഞ്ചേരി വില്ലേജകച്ചേരി വടക്കാഞ്ചേരി Hindu Staff Quarters നു തെക്കുവശത്തുള്ള കെട്ടിടത്തിൽ വെച്ചും, മലയാറ്റൂർ വില്ലേജ കച്ചേരി മലയാറ്റൂർ കോവിലകത്തിന്നുള്ളിൽ വെച്ചും ആണ് നടത്തുന്നത്.

Distribution of allotment for Water Supply and Agricultural loan.

443. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—താഴെ പറയുന്ന ചോദ്യങ്ങൾക്കു ഉത്തരംപറയുവാൻ ഗവമ്മെണ്ടിനു ദയവുണ്ടാകുമൊ:—

(a) മഹാരാജാവു തിരുമനസ്സിലെ തിരുനാൾ പ്രമാണിച്ചു ജലക്ഷാമം പരിഹരിക്കുവാൻ നീക്കിവെച്ചിട്ടുള്ള ൫ ൦,൦൦ ൦ ക. ഓരോ താലൂക്കിലേക്കും വീതിച്ചിട്ടുള്ളത എങ്ങിനെയാണ്;

(b) തിരുനാൾ പ്രമാണിച്ചു കൃഷ്യാവശ്യത്തിനു കടംകൊടുക്കേണ്ടതിലേക്കു നീക്കിവെച്ചിട്ടുള്ള ൨,൦ ൦ ,൦൦ ൦ ക. ഓരോതാലൂക്കിലേക്കും ഭാഗിച്ചു കൊടുക്കുവാൻ നിശ്ചയിച്ചിട്ടുണ്ടൊ?

(c) അങ്ങിനെയുണ്ടെങ്കിൽ ഓരോ താലൂക്കിലേക്കും എത്രവീതമുണ്ട്?

മിസ്റ്റർ യു കണ്ടർമേനോൻ.—(a) ചോദ്യത്തിൽ പ്രസ്ഥാപിച്ചിട്ടുള്ള ൫ ൦ ,൦൦ ൦ക. താഴെപറയുംപ്രകാരമാണ് വീതിച്ചിട്ടുള്ളതു്.

കൊച്ചി കണയന്നൂർ താലൂക്കിലേക്കു	ക.	൨ ,൨ ൦ ൦
കൊടുങ്ങല്ലൂർ	ടി	൨ ,൦ ൦ ൦
മുകുന്ദപുരം	ടി	൨ ,൬ ൫ ൦
ഇരിഞ്ഞാലക്കുട	ടി	൨ ൬ ,൦ ൦ ൦
തലപ്പള്ളി	ടി	൨ ,൩൦ ൦
ചിറ്റൂർ	ടി	൨ ൨ ,൫ ൦ ൦

LIBRARY ARCHIVES Kerala Legislative Assembly

ഇതുകൂടാതെ ഓരോതാലൂക്കിലും നിവസിക്കുന്ന അധഃകൃതരുടെ പ്രത്യേക ആവശ്യത്തിനായി ൫,൦൦൦ ക. കൊടുത്തിട്ടുണ്ട്. ശേഷം ൨൫൦ ക. പഞ്ചായത്ത ഡിപ്പാർട്ടുമേണ്ടു മുഖാന്തിരം നടത്തുന്ന പണികളിൽ ഏതിനെങ്കിലും വക പോരാതെവന്നാൽ ഉപയോഗിക്കുന്നതിനു നീക്കിവെച്ചിരിക്കുന്നു.

(b & c) ഉവ്വ. ൫൦൦ ഉറുപ്പികവരെയുള്ള വായ്പകൾ കൊടുപ്പാൻ ഓരോ താലൂക്കിലേക്കും ൫,൦൦൦ ക. വീതം കൊടുത്തിട്ടുണ്ട്. ബാക്കിയുള്ള ൬ ൫,൦൦൦ ക. ൫൦൦ ക. യിൽ കവിയുന്ന വായ്പകൾക്ക നീക്കിവെച്ചിരിക്കുകയാണ്, അപേക്ഷക്കാർ ആവശ്യപ്പെട്ടുമ്പോൾ വേണ്ടയന്വേഷണം നടത്തിയതിനു ശേഷം സംഖ്യ വീതിച്ചു കൊടുക്കുന്നതാണ്.

Construction of roads in Cranganur.

444. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ബസ്സു സർവ്വിസ്സുകൾ നടപ്പുള്ള കൊടുങ്ങല്ലൂരും കരുപ്പടന്നയും തമ്മിൽ ബന്ധിക്കുവാനും ബസ്സുകൾ മുതലായ വാഹനങ്ങൾക്കു ഗതാഗതം ചെയ്യുവാനും തക്കവണ്ണം ഗവമ്മെണ്ടു് എന്തെല്ലാം പ്രവൃത്തിച്ചിട്ടുണ്ടെന്നു് സഭയം പറയുമൊ;

(b) പുല്ലറ റോഡുകളുടെ പണി പൂർത്തീകരിക്കാതിരിപ്പാൻ കാരണമെന്തെന്നു സഭയം പറയുമൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—കുരിയാപ്പിള്ളി റോഡും കോട്ടപ്പുറം റോഡും മോട്ടോർ വാഹനങ്ങൾക്കു ഗതാഗതത്തിനു ഉതകത്തക്കവണ്ണം സക്കാർ ൭ൽനിന്നും സംരക്ഷിച്ചു പോരുന്നുണ്ടു്. കരുപ്പടന്നക്കും കൊടുങ്ങല്ലൂരിനും മദ്ധ്യേ മോട്ടോർ ബോട്ടുകൾക്കു ഉപയോഗപ്രദമാകംവണ്ണം ഒരു തോടു താഴ്ത്തിവരുന്നുണ്ടു്.

(b) കരുപ്പടന്നക്കും പുല്ലറിനും മദ്ധ്യത്തിൽ നടവഴിയില്ലാത്തതുകൊണ്ടും അവയെ സംഘടിപ്പിക്കുന്നതിനുള്ള വിഷമതകൊണ്ടും പുല്ലറ റോഡുകൾ ഇപ്പോൾ നന്നാക്കീട്ടുള്ള വിധം നടവഴികളായിട്ടല്ലാതെ ആദ്യം ഉദ്ദേശിച്ചപോലെ കല്ലിട്ടതായ റോഡ് ആവശ്യമില്ലെന്നു തീർച്ചയാക്കി.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—കോട്ടപ്പുറം റോഡിന്റെ വീതികുറവു നിമിത്തം ഒരാൾ ബസ്സുകയറി മരിച്ച സംഗതി അറിയാമൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—എനിക്കറിഞ്ഞുകൂടാ.

പ്രസിഡെണ്ടു്.—റോഡിന്റെ വീതി കുറവുകൊണ്ടൊ മറവുവല്ല കാരണം കൊണ്ടൊ? സാധാരണയായി വണ്ടിവരുമ്പോൾ ചിലരൊക്കെ പെട്ടന്നു സംഭ്രമിച്ചു പോയേക്കും. അവർ അങ്ങോ

LIBRARY ARCHIVES Kerala Legislative Assembly